**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** | **13-12-2022 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷികോല്പന്നാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ മൂലധനം വിനിയോഗിക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | സംസ്ഥാനത്ത് കാർഷികോല്പന്നാധിഷ്ഠിത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ സംഘങ്ങളുടെ മൂലധന വിനിയോഗത്തിലൂടെ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. പാലക്കാട്ടെ നെൽകർഷകരുടെ പ്രതിസന്ധി പരിഹരിക്കും വിധം നെല്ല് സംഭരിച്ച്, സംസ്കരിച്ച്, വിപണനം നടത്തുന്നതിനായി പാലക്കാട് ജില്ലയിലെ 36 പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി പാലക്കാട് പാഡി പ്രൊക്വയർമെന്റ് പ്രോസസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (PAPCOS) രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. അതിന്റെ അധീനതയിൽ അത്യാധുനിക റൈസ് മില്ലും ഗോഡൗണും നിർമ്മിക്കുന്നതിനായുള്ള നടപടി സ്വീകരിച്ച് വരുകയാണ്.<br>2. സംസ്ഥാനത്തെ പാലക്കാട് ജില്ല ഒഴികെയുള്ള എല്ലാ ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ചു പ്രോസ്സസ് ചെയ്തു വിപണനം നടത്തുന്നതിനും പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിയ്ക്കുന്നതിനുമായി പാലക്കാട് ഒഴികെയുള്ള 13 ജില്ലകളിൽ പ്രവർത്തന പരിധിയായി 26 പ്രാഥമിക കാർഷിക സർവ്വീസ് സഹകരണ ബാങ്കുകൾ അംഗങ്ങളായി കോട്ടയം ആസ്ഥാനമായി 27.08.2021-ൽ രജിസ്റ്റർ ചെയ്തുകൊണ്ട് കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസ്സസിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് |

| | | | |
|---|---|---|---|
| | | | സൊസൈറ്റി ക്ലിപ്തം നമ്പർ 4505 (KAPCOS) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന പ്രസ്തുത സംരംഭങ്ങൾക്ക് സർക്കാർ പലിശ സബ്സിഡി നൽകുന്നുണ്ടോ; | (ബി) | പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന പ്രസ്തുത സംരംഭങ്ങൾക്ക് സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ ധനസഹായമായി ഓഹരി**,**സബ്സിഡി എന്നീ ഇനങ്ങളിൽ ധനസഹായം അനുവദിക്കുന്നുണ്ട്**.** **"സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി"** യിൽ ഉൾപ്പെടുത്തി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ നടപ്പാക്കുന്ന സംരംഭങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിന് **500.00** ലക്ഷം രൂപ വകുപ്പിന്റെ **2022-23** ലെ ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്**.** |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി പ്രാഥമിക കാർഷിക, സഹകരണാധിഷ്ഠിത, ഗ്രാമീണ മാർക്കറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഗ്രാമീണ വിപണികളുടെ വികസനത്തിനും നവീകരണത്തിനുമായി അതാത് പ്രദേശത്തെ അംഗീകൃത പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുന്നതിനായി സംസ്ഥാനത്താകെ **11** സഹകരണസംഘങ്ങൾക്ക് **10.00** ലക്ഷം രൂപ വീതം ആകെ **110.00** ലക്ഷം രൂപ സബ്സിഡിയായി **2022-23** സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്**.** ടി പദ്ധതിയിലൂടെ സംസ്ഥാനത്താകെ **11** ഗ്രാമീൺ മാർക്കറ്റുകൾ/ പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്**.** |

സെക്ഷൻ ഓഫീസർ